(ബി) പരാതിയെ സംബന്ധിച്ച് ഹിയറിംഗിനായി 10.6.99ലും 7.7.99ലും വകുപ്പുമന്ത്രിയുടെ ഓഫീസിൽ എത്തണമെന്ന് അറിയിച്ചിട്ടും പഞ്ചായത്ത് സെക്രട്ടറി രണ്ടുതവണയും ഗവണ്മെന്റിന്റെ നിർദ്ദേശം ധിക്കരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ശ്രീ. ടി. ഗോപിനാഥന്റെ കെട്ടിടത്തിനു നമ്പരിട്ട് കൊടുക്കുവാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. ഹിയറിംഗിന് വച്ചിരുന്നു. സെക്രട്ടറിയ്ക്ക് യഥാസമയം നോട്ടീസ് ലഭിച്ചിരുന്നില്ല എന്നാണ് ലഭ്യമായ വിവരം.

(സി) പഞ്ചായത്ത് സെക്രട്ടറിയോട് ഹർജിക്കാരന്റെ പരാതിയെക്കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കും.

151 (708) അനധികൃത കെട്ടിടം പണി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്റർ വളപ്പിൽ നഗരസഭയുടെ അനുമതിയില്ലാതെ കെട്ടിടം പണി നടത്തുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനം നിർത്തിവയ്ക്കാൻ നഗരസഭാ കൗൺസിൽ തീരുമാനിച്ചതായി അറിയുമോ; എങ്കിൽ എന്നാണ് ശ്രദ്ധയിൽപ്പെട്ടത്;

(സി) അനധികൃതനിർമ്മാണപ്രവർത്തനം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്ന് വെളിപ്പെടുത്താമോ;

(ഡി) നഗരത്തിൽ ബഹുനിലകെട്ടിടങ്ങൾക്ക് അനുമതി നൽകരുത് എന്ന ഹൈക്കോടതി നിർദ്ദേശം ലഭിച്ചിട്ടുണ്ടോ: എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) കോടതി നിർദ്ദേശവും നഗരപാലികാ നിയമപ്രകാരം നഗരസഭയ്ക്കുള്ള അധികാരവും ലംഘിച്ച് അനധികൃതമായി പട്ടണനടുവിൽ നടത്തിയ നിർമ്മാണപ്രവർത്തനം തടയുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) അനധികൃതനിർമ്മാണം നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃതനിർമ്മാണം നിറുത്തിവയ്ക്കുന്നതിന് നിയമാനുസൃതമായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃതനിർമ്മാണം നിറുത്തിവയ്ക്കാൻ നഗരസഭാകൗൺസിൽ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നഗരസഭയിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരാണ് അനധികൃതനിർമ്മാണം കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുന്നത്.

(ഡി) നഗരത്തിൽ ബഹുനില കെട്ടിടങ്ങൾക്ക് അനുമതി നൽകരുത് എന്ന് ഹൈക്കോടതി നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ ബഹുനില കെട്ടിടങ്ങളുടെ ചുറ്റും വേണ്ട തുറസ്സായ സ്ഥലത്തിനും പാർക്കിംഗ് സ്ഥലത്തിനും ഒഴിവാക്കൽ തൽക്കാലം നൽകരുതെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) അനധികൃതനിർമ്മാണം തടയുന്നതിന് നിയമാനുസൃതമുള്ള നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്. കാലതാമസം ഉണ്ടായിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

152 (709) കെട്ടിടം പണി തടസ്സപ്പെടുത്തിയ നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കൊടുമൺ സ്വദേശിയും സൗദി അറേബ്യയിൽ ജോലി നോക്കുന്നയാളുമായ ശ്രീ. വി. ജോണി കൊടുമൺ ജംഗ്ഷനുസമീപം പി.ഡബ്ല്യു.ഡി. റോഡ് സൈഡിൽ രണ്ടേകാൽ സെന്റ് സ്ഥലത്ത് ചെറിയ കടമുറിയും മുകളിൽ താമസിക്കാനുള്ള വീടും പണിയാനായി അനുമതിക്കായി പഞ്ചായത്തിനെ സമീപിച്ചപ്പോൾ നിലവിലുള്ള നിയമപ്രകാരം പണി നടത്തുവാൻ പാടില്ല എന്ന് വ്യക്തമാക്കി പണി തടസ്സപ്പെടുത്തിയതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശമലയാളികൾ സംസ്ഥാനത്ത് സ്വയം തൊഴിൽ കണ്ടെത്താനും മറ്റും ഇത്തരം പണികൾ ചെയ്യുമ്പോൾ നിയമം ലഘൂകരിച്ചു നൽകാതെ കൂടുതൽ കർശനമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) കൊടുമൺ പഞ്ചായത്ത് അധികൃതർ വിദേശമലയാളിക്കെതിരെ ഇത്തരം നടപടി കൈക്കൊള്ളുവാനുള്ള കാരണമെന്തെന്ന് വ്യക്തമാകുമോ;

(ഡി) ശ്രീ. ജോണി പണിയാനുദ്ദേശിക്കുന്ന കെട്ടിടം പണിയാനാവശ്യമായ അനുമതി നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കൊടുമൺ പഞ്ചായത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിട്ടില്ല. കേരള പഞ്ചായത്ത്‌രാജ് ആക്ട് സെഷൻ 220(സി)യുടെ അടിസ്ഥാനത്തിൽ, ശ്രീ. ജോണി നടത്തുന്ന നിർമ്മാണം റോഡ് അരികിൽ നിന്നും 3 മീറ്റർ മാറിയാണോ നിർമ്മിക്കുന്നത് എന്ന് പഞ്ചായത്തിന് സംശയം ഉണ്ടായതിനാൽ കെട്ടിടം നിർമ്മിക്കുന്ന ഭാഗത്തെ റോഡിന്റെ വീതിയും റോഡ് പുറമ്പോക്കും എത്രയാണെന്ന് പി.ഡബ്ല്യു.ഡി. വകുപ്പിൽനിന്നും ബോധ്യമായാലേ നിർമ്മാണം നടത്താവൂ എന്ന് പഞ്ചായത്ത് അധികൃതർ നിഷ്കർഷിച്ചു.

(ഡി) 6.10.99-ൽ സർക്കാർ നിർദ്ദേശം നൽകിയതിന്റെ വെളിച്ചത്തിൽ പരാമർശിത കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് 27.10.99-ൽ ശ്രീ. ജോണിന് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly